## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2479 — 19/03/2015-ൽ മറുപടിക്ക്

## കരങ്ങുപനിക്കെതിരെ പ്രതിരോധ നടപടികൾ.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.അജിത് | ശ്രീ. വി.എസ്. ശിവകമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകപ്പമന്ത്രി) |
| എ) വനപ്രദേശങ്ങളിൽ കരങ്ങുപനി വ്യാപകമാകുന്നതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുവരെ എത്ര കേസുകളാണ് സർക്കാരിന്റെ അറിവിൽ വന്നിട്ടുള്ളതെന്ന വ്യക്തമാക്കുമോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27/01/2015 മുതൽ 12/03/2015 - വരെ 117 പേർക്ക് കരങ്ങുപനിബാധ സംശയിച്ചിരുന്നു. ഇതിൽ 43 പേരുടെ രോഗം സ്ഥിരീകരിച്ചു. |
| ബി) കരങ്ങുപനി മറ്റു വന്യമൃഗങ്ങളിലേക്ക് പടരുവാൻ സാദ്ധ്യതയുണ്ടോ എന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; | ബി) കരങ്ങുകൾക്ക് പുറമെ വനത്തിനകത്തെ ചെറു ജീവികൾ, പക്ഷികൾ എന്നിവയ്ക്കും രോഗബാധ സാദ്ധ്യതയുണ്ട്. കന്നുകാലികളിൽ രോഗ വാഹകരായ ചെള്ളുകളെ കാണാറുണ്ട്. ഈ അവസ്ഥക്ക് ശാശ്വതമായ പരിഹാരം ദുഷ്കരമാണ്. കരങ്ങു മരണം കാണുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി മാലത്തിയോൺ കീടനാശിനി വിതറുന്നു. വീട്ടുമൃഗങ്ങളിൽ ലേപനങ്ങൾ തേക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) വനപ്രദേശങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് കരങ്ങുപനിക്കെതിരെ എന്തെല്ലാം പ്രതിരോധ നടപടികളാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്നും കരങ്ങുപനി | സി) രോഗം സ്ഥിരീകരിച്ച ദിവസം മുതൽ വനം ജീവനക്കാർക്ക് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഓരോരുത്തർക്കും സ്വയ രക്ഷക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. |

| | |
|---|---|
| ജീവനക്കാർക്ക് പകർന്നിട്ടുള്ള ഏതെങ്കിലും സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ? | ഗം ബൂട്ട് ഉപയോഗം നിർബന്ധമാക്കി. ചെള്ളുകളെ പ്രതിരോധിക്കാൻ ലേപനങ്ങൾ ശീലമാക്കാൻ നിർദ്ദേശിച്ചു. കുരങ്ങുകൾ മരിച്ചു കിടക്കുന്നതു കണ്ടാൽ ഉടനടി റിപ്പോർട്ട് ചെയ്യാനും, ആരോഗ്യ വകുപ്പിലെ വെക്ടർ കൺട്രോൾ യൂണിറ്റ് ജീവനക്കാരുടെ സഹായത്തോടെ അത്തരം പ്രദേശങ്ങൾ അണു/ചെള്ള് വിമുക്തമാക്കാനും നിർദ്ദേശിച്ചു. ഓരോ ദിവസവും ജോലിക്ക് ശേഷം ചൂടുവെള്ളം കൊണ്ട് കൈ കാൽ കഴുകുന്നതും കുളിക്കുന്നതും ചെള്ളുകൾ ശരീരത്തിൽ കയറിയിരിക്കുന്നെങ്കിൽ കളയുന്നതിനും സഹായകമാകും. വനത്തിനുള്ളിൽ പോകുന്നവർക്കായി കെ.എഫ്.ഡി. വാക്സിൻ ലഭ്യമാക്കാനും നിർദ്ദേശിച്ചു.<br><br>കുരങ്ങുപനി രോഗം കാരണം മരണപ്പെട്ടവരിൽ 2 പേർ വനം വകുപ്പിലെ താൽക്കാലിക ജീവനക്കാരാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 2 പേരും ആദിവാസി വിഭാഗത്തിൽപ്പെട്ട പുരുഷൻമാരാണ്. |

സെക്ഷൻ ഓഫീസർ